പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2026 ഒക്ടോബർ 28, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

26 (*211) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകുന്ന വനഭൂമി

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, വനം വകുപ്പിന്റെ ഭൂമി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകാറുണ്ടെന്നും പാട്ടകാലാവധി നീട്ടികിട്ടുന്നതിനായി പാട്ടാദാർ അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിൽ ഭൂമി സ്വമേധയാ വനം വകുപ്പിൽ നിക്ഷിപ്തമാകുമെന്നും സഭയെ അറിയിച്ചു. പാട്ടഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഈടാക്കുന്ന സീനറേജ് തുക ഒഴിവാക്കിയത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. ജനവാസ കേന്ദ്രങ്ങൾക്കിടയിലുള്ള വനഭൂമി മറ്റ് വകുപ്പുകൾക്ക് കൈമാറാൻ വ്യവസ്ഥയില്ലെന്നും വനാതിർത്തികളിലെ വീട് നിർമ്മാണത്തിന് സർവെ ആവശ്യമില്ലാത്ത അപേക്ഷകളിന്മേൽ മൂന്ന് മാസത്തിനുള്ളിലും സർവെ ആവശ്യമുള്ളവയ്ക്ക് ആറ് മാസത്തിനുള്ളിലും എൻ.ഒ.സി. നൽകണമെന്നും അല്ലാത്തപക്ഷം ഡീംഡ് പെർമിഷനായി കണക്കാക്കണമെന്നും നിർദേശം നൽകിയിട്ടുണ്ടെന്നും കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വെട്ടത്തൂർ-കള്ളിക്കാട് പ്രദേശത്ത് സോഷ്യൽ ഫോറസ്ട്രിയുടെ കീഴിലുള്ള ഭൂമി വനഭൂമിയായി നിലനിർത്തി ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27 (*212) കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടിയിൽ, ജൽ ജീവൻ മിഷൻ, സംസ്ഥാന പദ്ധതി, അമൃത്, കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, ഡെപ്പോസിറ്റ് പ്രവൃത്തികൾ തുടങ്ങിയവയിലൂടെ കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾക്ക് സ്ഥലവും അനുമതിയും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൃത്യമായ ഇടവേളകളിൽ വിവിധതലങ്ങളിൽ അവലോകനം യോഗങ്ങൾ ചേർന്ന് പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജലവിഭവം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ യോഗങ്ങൾ ചേർന്നും ജില്ലാ ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി, ജില്ലാ വികസന സമിതി എന്നിവ മുഖേനയും കുടിവെള്ള പദ്ധതികൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതും പുനഃസ്ഥാപന പ്രവൃത്തികൾ വൈകുന്നതുംമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കുടിവെള്ള പദ്ധതികളിലെ നിർമ്മാണച്ചെലവിലുണ്ടാകുന്ന വർധനവ് തടയുന്നതിന് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കുന്നതാണെന്നും മുടങ്ങികിടക്കുന്ന കുടിവെള്ള പദ്ധതികൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കനാലുകൾ സമയബന്ധിതമായി നവീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്നും പമ്പ് ചെയ്യുന്ന വെള്ളം കുറ്റമറ്റരീതിയിൽ വിതരണം ചെയ്യാൻ എക്സ്പെർട്ട് ടെക്നിക്കൽ വിങ്ങിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എം.എൽ.എ.-മാരുടെ സാന്നിധ്യത്തിൽ ജില്ലാതല യോഗങ്ങൾ ചേരുന്നതാണെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാർ ചെയർമാന്മാരായി സ്റ്റാറ്റ്യൂട്ടറി ബോഡി രൂപീകരിക്കുന്നതാണെന്നും തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

28 (*213) ജലസേചന പദ്ധതികൾ

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ചെറുകിട, ഇടത്തരം ജലസേചന പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കി കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിനും പദ്ധതികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരുന്നുണ്ടെന്നും പദ്ധതികളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിന് മെക്കാനിക്കൽ, സിവിൽ വിഭാഗങ്ങൾ സംയുക്ത പരിശോധന നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ജലസ്രോതസ്സുകളുടെ സംഭരണശേഷി വർധിപ്പിക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് നിലനിർത്തുന്നതിനും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും തടയണകൾ നിർമ്മിച്ച് കൃഷിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കനാലുകളും തോടുകളും നീർച്ചാലുകളും വൃത്തിയാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ടെന്നും കനാലുകളിൽ കോൺക്രീറ്റ് ലൈനിങ് ചെയ്തുവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കനാലുകളുടെ ചുറ്റുമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തി ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കുന്നതാണെന്നും വാമനപുരം നദിയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി നടപ്പാക്കാൻ സാധിക്കുന്ന പദ്ധതികളെ സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

അടിയന്തര ചോദ്യം

2 (2) ഹരിപ്പാട് പോഷകാഹാരക്കുറവുമൂലമുണ്ടായ ശിശുമരണം

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ) നൽകിയ മറുപടിയിൽ, ഹരിപ്പാട് 7.1 കി.ഗ്രാം തൂക്കമുണ്ടായിരുന്ന 2 വയസ്സുള്ള കുട്ടി അനീമിയ ബാധിച്ച് മരണമടഞ്ഞതായും ജന്മനായുള്ള തൂക്കക്കുറവും മാതാപിതാക്കളുടെ അവഗണനയും കുട്ടിയുടെ ആരോഗ്യത്തെ ബാധിച്ചിരുന്നതായും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായും സഭയെ അറിയിച്ചു. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി വർക്കർ എന്നിവർ കുഞ്ഞുങ്ങളുടെ

സംരക്ഷണത്തെക്കുറിച്ചും പോഷകാഹാരം, പ്രതിരോധ കുത്തിവയ്പ് മുതലായവ നൽകുന്നതിനെക്കുറിച്ചും മാതാപിതാക്കളെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും കുട്ടിയുടെ ഗ്രോത്ത് മോണിറ്ററിങ് ഐ.സി.ഡി.എസ്. തലത്തിൽ കൃത്യമായി നടത്തിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കുട്ടികളിലെ പോഷകാഹാരക്കുറവും സുരക്ഷയുമുൾപ്പെടെയുള്ള കാര്യങ്ങളിൽ കൃത്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു. ആ കുടുംബത്തിലെ മറ്റ് കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി അറിയിച്ചു.